# കുറ്റവും ശിക്ഷയും പ്രതികരണവും/ ദേവേന്ദു ദാസ്

തിയൊാദർ ദോസ്തേവിസ്കിയുടെ കുറ്റവും ശിക്ഷയുമായി ഒരു ബന്ധവുമില്ലെങ്കിലും

ഈ കഥ എഴുതാൻ ആലോചിച്ചപ്പോൾ 'കുറ്റവും ശിക്ഷയും' എന്ന തലക്കെട്ടാണ് ആദ്യം മനസ്സിൽ വന്നത്. എന്നാൽ അങ്ങോട്ട് കിഴിഞ്ഞു ചിന്തിച്ചപ്പോൾ അതോടൊപ്പം പ്രതികരണവും എന്നുകൂടി ചേർത്താലേ ശരിയാവു എന്ന് ഉറപ്പിച്ചു.

കഥയിലെ നായകൻ ഒരു സ്കൂൾ മാഷാണ് എന്ന് പറഞ്ഞു തുടങ്ങാം എന്ന് വച്ചാൽ അതങ്ങോട്ട് ശരിയാകുന്നില്ല... സസ്പെൻഷനിലായ സ്കൂൾ മാഷ് എന്ന് പറഞ്ഞാലാവും കുറച്ചുകൂടി ശരി...ഈ സ്കൂൾ മാഷിൻറെ പേര് സുധാകരൻ എന്നാണ്. വിഷയം സാമൂഹ്യപാഠവും. സുധാകരൻ മാഷ് ചിന്തയിലാണ്ട് ചാരു കസേരയിൽ കിടക്കുമ്പോൾ കഥ തുടങ്ങുന്നു. കണ്ണടച്ച് കിടക്കുന്ന അദ്ദേഹത്തിന്റെ ചിന്തയിൽ കഥ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്നു. അദ്ദേഹത്തിൻറെ ചിന്തയിൽ തെളിഞ്ഞ സ്വന്തം കഥയ്ക്ക് രണ്ട് ഭാഗങ്ങളുണ്ട് .

ഭാഗം 1 -

സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ -ഒരു സി.ബി.എസ്.ഇ സ്കൂൾ . പ്രൗഢമായ സ്കൂള് ... നാലുനില കെട്ടിടം .. രണ്ടായിരം കുട്ടികൾ ... വിശാലമായ പ്ലേ ഗ്രൗണ്ട് ... വലിയ മൾട്ടിപർപ്പസ് ഹാൾ ... അങ്ങനെ എല്ലാവിധത്തിലും സമ്പന്നം സ്കൂളും സ്കൂൾ മാനേജ്മെന്റും . എന്നാൽ പാവം അധ്യാപകരുടെ പോക്കറ്റ് അത്ര സമ്പന്നമല്ല. പോസ്റ്റ് ഗ്രാജുവേറ്റ് ടീച്ചറിന് ഇരുപതിനായിരം രൂപ .മാസം തുടങ്ങുമ്പോൾ തന്നെ പാലിനും പത്രത്തിലും പലവ്യഞ്ജനത്തിനും പകുത്തു പോയി പൂജ്യമായി മാറുന്ന യാഥാർത്ഥ്യം..എങ്കിലും സുധാകരൻ മാഷിന് പഠിപ്പിക്കൽ എന്നത് ഹരമായിരുന്നു. ചരിത്രത്തിന്റെ നേർക്കാഴ്ച കുട്ടികൾക്ക് അനുഭവവേദ്യമാക്കുമ്പോൾ ലഭിക്കുന്ന ആത്മ സംതൃപ്തി പറഞ്ഞറിയിക്കാൻ വയ്യ .പക്ഷേ എക്സ്ട്രാ പീരിയഡുകളുടെ എണ്ണം കൂടുമ്പോൾ , വഴിയേ പോകുന്ന അധികചുമതലകൾ തലയിൽ വന്ന് കയറുമ്പോൾ , പഠിക്കാൻ മണ്ടനായ കുട്ടിക്ക് മാർക്ക് കുറഞ്ഞതിനു കാരണം ചോദിക്കുമ്പോൾ , മാർക്കിനായി ഉള്ള രക്ഷിതാക്കളുടെ ആക്രാന്തം കാണുമ്പോൾ ഒക്കെയും അധ്യാപനത്തെ അതൃപ്തിയോടെ കാണുകയും ചെയ്തു. അങ്ങനെ സംതൃപ്തിയും അസന്തൃപ്തിയും സമാസമം നൽകിയിരുന്ന അധ്യാപന

ജീവിതത്തിന് താൽക്കാലിക വിരാമമിട്ട ദിവസം - മൂന്നു മാസങ്ങൾക്ക് മുമ്പ് ഒരു നാലാം പീരിയഡ് - പത്താം ക്ലാസ് സി ഡിവിഷൻ - 'നാഷണലിസം ഇൻ ഇന്ത്യ ' എന്ന അധ്യായം .റൗളത്ത് ആക്ട് - അതിനെതിരെ നടന്ന സമരങ്ങളും പറഞ്ഞു ജാലിയൻവാലാബാഗ് കൂട്ടക്കൊലയിലെത്തി നിന്ന് അധ്യാപനം .സാറിൻറെ തോന്നൽ അത് കുട്ടികളിൽ ദേശഭക്തി നിറയ്ക്കുന്നു എന്നായിരുന്നു .അതിൽ ആവേശം കൊണ്ട് സിലബസിൽ ഇല്ലാത്ത സർദാർ ഉദ്ധം സിംഗിന്റെ കഥ പറഞ്ഞു അദ്ദേഹം.. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണക്കാരനായ അന്നത്തെ പഞ്ചാബിലെ ലെഫ്റ്റനൻ ഗവർണറായ മൈക്കൽ ഒ' ഡയറിനെ ബ്രിട്ടനിൽ പോയി വധിച്ചു പകരം വീട്ടിയ വിപ്ലവകാരിയായ ഉദ്ധം സിംഗിന്റെ കഥ കേട്ട് ആവേശഭരിതരായിരുന്നു ക്ലാസിലാണ് എവിടെയോ നിന്നൊരു അപശബ്ദം വന്നത്. അധ്യാപന പ്രക്രിയയിൽ ഇടയ്ക്ക് വന്ന് തടസ്സം അതിജീവിക്കാനായില്ല.'ആരെടാ അത്?' ക്ലാസ്സിൽ നിശബ്ദത. കുട്ടികൾ പരസ്പരം നോക്കുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും മുഖത്ത്, പതിഞ്ഞ ഒരു പുഞ്ചിരി കളിയാടി. എല്ലാവരുടെയും മുഖത്തുനോക്കി എങ്കിലും കുറ്റവാളിയെ പിടിക്കാനായില്ല.SA1 അടുക്കുന്നു. സിലബസ് തീർക്കാനുള്ള ബദ്ധപ്പാടിൽ അദ്ദേഹം വേഗം സിലബസിൽ ഉള്ളതിലേക്ക് കടന്ന് അധ്യാപനം തുടർന്നു. നോൺ കോപ്പറേഷൻ മൂവ്മെൻറ് വിശദീകരിക്കുമ്പോൾ പഠിപ്പിൽ നോൺ കോർപ്പറേഷൻ രേഖപ്പെടുത്തിക്കൊണ്ട് വീണ്ടും അപശബ്ദം. ഏതോ മൃഗത്തിൻറെ ശബ്ദാനുകരണം. ഒരു ചുണ്ടും അനങ്ങുന്നത് കണ്ടില്ല. ഉൾത്തൊണ്ടയിൽ എവിടെയോ വച്ച് ശബ്ദം പുറപ്പെടുവിക്കുകയാണ് ഏതോ ഒരു വികൃതി. കുട്ടികൾ വീണ്ടും പരസ്പരം നോക്കി പുഞ്ചിരിച്ചു. ക്രോധം അടക്കാനായില്ല ."ആരാടാ അത് ?" ഒച്ച അതിൻറെ പരമാവധി യുയർത്തി മുരണ്ടു. കുട്ടികൾ ഭയന്ന് പുഞ്ചിരി മായ്ച്ചു .എന്നിട്ടും ഒരുത്തൻ പുഞ്ചിരിച്ചു .അത് ആക്കി ഒരു ചിരിയായി തോന്നി . ക്രോധാവേശത്താൽ മേശപ്പുറത്തിരുന്ന ചൂരിലെടുത്ത് ആ പയ്യനെ തലങ്ങും വിലങ്ങും അടിച്ചു."എന്തിനാടാ ചിരിക്കുന്നത് ?" എന്ന് ആക്രോശിച്ചു കൊണ്ടായിരുന്നു അടി .

സ്വയം നിയന്ത്രിക്കാനായപ്പോഴേക്കും ചൂരൽ അവൻറെ ശരീരത്തിൽ പാടുകൾ വീഴ്ത്തിക്കഴിഞ്ഞിരുന്നു .നല്ല തിണർത്ത ചോരപ്പാടുകൾ കണ്ട എല്ലാവരും ക്രൂരനായ അയാളെ കുറ്റപ്പെടുത്തി. കുറ്റബോധത്തോടെ ആ ദിവസം അവസാനിച്ചു. കാരണം അവൻ നിരപരാധി ആയിരുന്നു. തെറ്റ് ചെയ്തവൻ അത് സമ്മതിച്ച് കരഞ്ഞുകൊണ്ട് മാപ്പുപറഞ്ഞു...." അവനൊന്നും ചെയ്തില്ല ഞാനാ ശബ്ദം ഉണ്ടാക്കിയത് ..." അവൻ ഉച്ചത്തിൽ കരഞ്ഞു.

അയാൾ കുറ്റവാളിയായി ...അല്ലെങ്കിലും കുട്ടികൾ എന്തെങ്കിലും തമാശ കാണിച്ചാൽ ഇങ്ങനെ തല്ലി ശരിയാക്കണോ ? മാഷ് അല്പം ക്ഷിപ്രകോപിയാണ് ..അയാളുടെ ഫ്രസ്ട്രേഷൻ ഈ പാവം കുഞ്ഞുങ്ങളോട് ആണോ തീർക്കുന്നത്. അയാളുടെ സഹപ്രവർത്തകത്തിൽ ചിലർ അടക്കം പറയുകയും ചിലർ ഉറക്കെ പറയുകയും ചെയ്തു.. സമാധാനിപ്പിക്കാനും ഒപ്പം നിൽക്കാനും ഒന്ന് രണ്ട് പേർ മാത്രം ഉണ്ടായിരുന്നു.അധ്യാപകന്റെ ക്രൂരമർദ്ദനം എന്ന തലക്കെട്ടിൽ പത്രങ്ങളിൽ ചെറുകോളങ്ങളിലും ചില ചാനലുകളിൽ ചെറു വാർത്തയുമായി .

അടി കൊണ്ടവന്റെ അമ്മാവൻ പോലീസ് ആയിരുന്നു.. പോലീസ് കേസുമായി ..ഒടുവിൽ സുഹൃത്തുക്കൾ ഇടപെട്ട് അവർ കേസ് പിൻവലിച്ചു.സ്കൂൾ മാനേജ്മെൻറ് സുധാകരൻ സാറിനെ സസ്പെൻഡ് ചെയ്തു. അത്ഭുതങ്ങൾ സംഭവിച്ചില്ലെങ്കിൽ അത് ഡിസ്മിസൽ ആകുകയും ചെയ്യും..

ചാരുകസേരയിൽ കണ്ണടച്ചിരുന്ന സുധാകരൻ മാഷ് കണ്ണുകൾ തുറന്നു . നനവാർന്ന മിഴികൾ വീണ്ടും അടച്ചു .

മറവിയുടെ ആഴങ്ങളിൽ നിന്നും വീണ്ടും ഒരു ഓർമ്മത്തുണ്ട് ഉപരിതലത്തിലേക്ക് നീന്തിക്കയറി വന്നു.

ഭാഗം 2 -

ഗ്രാമ ദേവതയുടെ മുന്നിലുള്ള കിഴക്കോട്ട് കിടക്കുന്ന ഗ്രാമ വീഥിയിലൂടെ നടന്ന് കലിങ്കു കഴിഞ്ഞ് നെൽപ്പാടത്തിനിടയിലെ വരമ്പിലൂടെ വടക്കോട്ട് നടന്ന്, ഒരു പുരയിടം കയറി, ഇടവഴിയിലൂടെ വീണ്ടും നടന്നു ചെല്ലുമ്പോൾ ഓലമേഞ്ഞ നീളത്തിലുള്ള ആശാൻ പള്ളിക്കൂടം ..

മഴയും വെയിലും കാണാവുന്ന ഇളംതെന്നലും ശക്തമായ കാറ്റും അനുഭവിക്കാവുന്ന ആശാൻ പള്ളിക്കൂടം ...

അവിടെ സുധാകരൻ എന്ന മൂന്നര വയസ്സുകാരൻ ..വള്ളി നിക്കറിൽ മൂക്കള തൂത്ത്, എഴുത്തോലയും പിടിച്ച് കൂട്ടുകാരൻ ദാസനോടൊപ്പം ഓടിക്കയറി വന്ന് മണ്ണിൽ ഇരിപ്പുറപ്പിക്കുന്നവൻ... അല്പം സ്ഥിതിയുള്ള വീട്ടിലെ കുട്ടികൾക്കുള്ള തടുക്കിലേക്ക് കൗതുകത്തോടെ നോക്കുന്നവൻ... കൈതയോല

കൊണ്ടുള്ള തടുക്ക് വേണമെന്ന് തോന്നിയിട്ടില്ല.പക്ഷേ വെറുതെ നോക്കും ..

കുറുപ്പാശാൻ -പിഞ്ചിയ ഖദർ ജുബ്ബയും ഖദർ മുണ്ടും .. ഒറ്റത്തോർത്ത് തോളിലും കാണും .. എപ്പോഴും മുറുക്കുന്ന വായും കുട്ടികളെ ഭയപ്പെടുത്തുന്ന പെരുമാറ്റവും .. ആശാൻ ഓരോരുത്തരെയും പാഠം വയ്പ്പിക്കും. . .എല്ലാവരും ആദ്യം ഹരിശ്രീ ... അത് കഴിഞ്ഞ് അ ആ ഇ ഈ അതുകഴിഞ്ഞ് ക ഖ ഗ ഘ അതുകഴിഞ്ഞ് ക കാ കി കി പിന്നെ ഖ ഖാ ഖി ഖീ ....അതുകഴിഞ്ഞ് 1 2 3.. പിന്നെ സങ്കലന പട്ടിക പിന്നെ ഗുണന പട്ടിക .. ഇവയൊക്ക ദിവസവും ചൊല്ലണം. പാഠം വയ്ക്കുന്നത് തെറ്റിയാൽ ആശാൻ തുടയിൽ നല്ല ഞെരട് കൊടുക്കും.. വേദന കൊണ്ട് കുട്ടികൾ പുളയും .. എങ്കിലും എല്ലാവരും വേഗം വേഗം പഠിക്കും.

അന്ന് ഒരു ദിവസം ... നല്ല മഴ രാവിലെ പെയ്ത ഒരു ദിവസമായിരുന്നു ... ക്ഷ, ത്ര , ജ്ഞ ആണ് പഠിപ്പിക്കുന്നത്. ' ക്ഷ ' എന്ന അക്ഷരമാണ് സുധാകരന്  പാഠം വയ്ക്കേണ്ടത്. എത്ര ശ്രമിച്ചിട്ടും സുധാകരന്റെ കുഞ്ഞ് കൈവിരലിന് ഈ  അക്ഷരങ്ങൾ മണലിൽ എഴുതാൻ കഴിയുന്നില്ല.  ഓലയിൽ ആശാൻ നാരായം കൊണ്ടെഴുതി പഠിക്കാൻ കൊടുക്കുന്ന  അക്ഷരങ്ങൾ കുട്ടികൾ മണലിൽ എഴുതണം.എന്നാൽ ആ അക്ഷരം കുഞ്ഞു സുധാകരനെ ഏറെ കുഴക്കി. വളരെ തവണ ആശാൻ അവൻറെ കൈവിരലുകൾ  പിടിച്ചെഴുതിച്ചു . പിന്നെ അവനെ സ്വയം പഠിക്കാൻ വിട്ട് ആശാൻ അടുത്ത കുട്ടിയെ പഠിപ്പിച്ചു. കുറെ കഴിഞ്ഞ ആശാൻ വീണ്ടും അവൻറെ  അടുത്തെത്തി 'ക്ഷ ' എഴുതാൻ . അവനത് സാധിച്ചില്ല. ക്ഷമയോടെ ആശാൻ വീണ്ടും രണ്ടുമൂന്നു തവണ അവനെ പിടിച്ചെഴുതിച്ചു .വീണ്ടും ആശാൻ പോയി. 'ക്ഷ ' അവനെ ഭയപ്പെടുത്തി. ആശാൻ വീണ്ടും വന്നു.

"എഴുതടാ..." ആശാൻ അലറി .അവൻ ഭയന്നു. ആശാൻ  അവൻറെ തുടയിൽ ചെറിയൊരു നുള്ളു കൊടുത്തു.  വീണ്ടും കൈവിരലുകൾ പിടിച്ചെഴുതിച്ചു.. ദേഷ്യത്തിൽ പോയ ആശാന് പിന്നാലെ അവൻ ക്ഷ യെ സങ്കടത്തോടെ നോക്കിയിരുന്നു. ഉടനെ ആശാൻ മടങ്ങിയെത്തി.ഇത്തവണ ഒരു അലർച്ചയോടെ ആയിരുന്നു ".എഴുതടാ.."ഭയത്തോടെ  മിഴി ഉയർത്താൻ തുടങ്ങുമ്പോൾ തന്നെ കുഞ്ഞു തുടയിൽ മണലും കൂട്ടിച്ചേർത്ത് വെച്ച് ആശാൻറെ കൈവിരലുകൾ അമർത്തിക്കിഴുക്കി .. വേദന കൊണ്ട് പുളഞ്ഞ അവൻ  അറിയാതെ  മൂത്രമൊഴിച്ചു പോയി.. മൂത്രച്ചൂട് തുടയിലൂടെ ഇറങ്ങി നിക്കർ കുതിർത്തു , ഒപ്പം മണലും കുതിർത്തു. അപമാന ഭാരത്താൽ മുഖമുയർത്താനാവാതെ

അവനിരുന്നു.. .മറ്റുള്ള കുട്ടികൾ ദയനീയമായി അവനെ നോക്കി സഹതപിച്ചു . പ്രത്യേകിച്ച് അടുത്തിരുന്ന ദാസൻ ..

ഇത് കണ്ടിട്ടും ആശാൻ വിടാൻ ഭാവമില്ലായിരുന്നു. "എഴുതിക്കാണിക്കടാ..." വീണ്ടും ആശാൻ ദേഷ്യത്തോടെ ഗർജിച്ചു.അപമാനവും ദേഷ്യവും നിസ്സഹായതയും കൊണ്ട് അവനിൽ ഒരു വിപ്ലവകാരി ഉണർന്നു. മൂത്രത്തിൽ കുതിർന്ന മണൽ കുഞ്ഞുമുഷ്ടിയിൽ ചുരുട്ടിയെടുത്ത് അതിയായ ദേഷ്യത്തോടെ കുഞ്ഞു സുധാകരൻ എഴുന്നേറ്റു . കയ്യിലിരുന്നത് ആശാന്റെ മുഖത്തെറിഞ്ഞു. "പോടാ പട്ടി..." ദേഷ്യത്തോടെ ഉറക്കെപ്പറഞ്ഞ അവൻ ആശാൻ പള്ളിക്കൂടം വിട്ട് ഓടി.. ...അത് അവിടെ നിന്നും എന്നെന്നേക്കുമുള്ള ഓട്ടമായിരുന്നു..

സുധാകരൻ മാഷ് ചാരുകസേരയിൽ കിടന്ന് മിഴികൾ തുറന്നു. രണ്ട് ഓർമ്മകളിലൂടെ കയറിയിറങ്ങിയതിന്റെ കിതപ്പനുഭവപ്പെട്ടു..

സുധാകരൻ മാഷ് ചാരുകസേരയിൽ നിന്നും മുന്നോട്ടാഞ്ഞിരുന്നു. അന്നാദ്യമായി അദ്ദേഹം മൂത്രം വീണ് നനഞ്ഞു കുതിർന്ന മണൽ മുഖത്ത് വന്നു പതിച്ച ആശാൻറെ മുഖം വിളറുന്നത് സങ്കൽപ്പിച്ചു ...പോടാ പട്ടീ എന്ന് മറ്റു കുട്ടികൾ കേൾക്കെ വിളിച്ചപ്പോൾ ആശാൻ അനുഭവിച്ച അപമാനഭാരം അളക്കാൻ പറ്റുന്ന ഒരു മാഷായുള്ള തൻറെ വളർച്ചയും തളർച്ചയും തിരിച്ചറിഞ്ഞു. കുറ്റബോധത്തിന്റെ കരിനിഴലും തിരിച്ചറിവിൻറെ തെളിനിലാവും ഒരേ സമയംഹൃദയത്തിൽ പതിഞ്ഞു.

ആശാൻ മരിച്ചുപോയി കാണുമോ? അന്ന് ആശാന് അറുപത് വയസ്സെങ്കിലും ഉണ്ടായിരിക്കണം : അങ്ങനെയെങ്കിൽ ഇപ്പോൾ തൊണ്ണൂറിൽ കൂടുതൽ വയസുണ്ടാകും.. എങ്കിലും ആശാൻ ജീവിച്ചിരിക്കാൻ സാധ്യതയുണ്ട്. ആ സാധ്യത മനസ്സിൽ തെളിഞ്ഞപ്പോൾ പെട്ടെന്ന് ഒരു പ്രത്യാശ മുളയിട്ടു ... ആശാനെ കാണുന്നത് സങ്കൽപ്പിച്ചു ... തന്റെ ഗ്രാമത്തിലേക്ക് ഒരു മടക്കയാത്രയുടെ പദ്ധതി മനസ്സിൽ ഉറപ്പിച്ചു . ആശാനോട് മാപ്പ് പറയാൻ പറ്റിയില്ലെങ്കിലും ആ ആശാമ്പള്ളിക്കൂടത്തിന്റെ മുറ്റത്ത് നിന്ന് ആശാനെ സ്മരിക്കണമെന്ന് തീരുമാനിച്ചു ..അതിനുശേഷം തന്റെ ശിഷ്യനെ കാണണമെന്നും തനിക്കാണ് തെറ്റുപറ്റിയത് എന്നും തുറന്നു സമ്മതിക്കണം എന്ന് തീരുമാനിച്ചു. പ്രതികരണങ്ങൾ ഉണ്ടാക്കുന്ന മുറിവുകളുടെ

പരിഹാരങ്ങളെ കുറിച്ച് ആലോചിച്ച് അയാൾ ചാരുകസേരയിൽ ചാഞ്ഞു കിടന്നു.

____ ദേവേന്ദു ദാസ്